بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 26.08.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 30

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاکَ نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ശത്രുക്കളുടെ അക്രമങ്ങളെ ചെറുക്കുന്നതിനുവേണ്ടി ഹദ്റത് അബൂബക്കർ(റ) ശാമിലേക്ക് അയച്ച സൈന്യങ്ങളിൽ മൂന്നെണ്ണത്തെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നു. ഹദ്റത് അംറ് ബിൻ ആസിന്റെ നാലാമത്തെ സൈന്യത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നു. ഹദ്റത് അംറ് ബിൻ ആസ് ശാമിലേക്ക് പോകുന്നതിന് മുൻപ് ഖുസാഅഃയിലെ ഒരു ഭാഗത്ത് സ്വദഖ സ്വരുക്കൂട്ടാൻ നിശ്ചയിക്കപ്പെട്ടിരുന്നു. തീരുമാനമായപ്പോൾ ഹദ്റത് അബൂബക്കർ(റ) ഹദ്റത് അംറ് ബിൻ ആസിനെ മദീനയിലേക്ക് വിളിപ്പിച്ചിട്ട് മദീനക്ക് പുറത്ത് പോയി തമ്പടിക്കുവാൻ ആജ്ഞാപിച്ചു. അങ്ങനെ ജനങ്ങൾ താങ്കളോടൊപ്പം ചേരുന്നതാണ്. അങ്ങനെ പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹദ്റത് അബൂബക്കർ അദ്ദേഹത്തെ യാത്രയാക്കാൻ എത്തിയിട്ട് ചില നിർദേശങ്ങൾ നൽകി. ഹദ്റത് അംറ് ബിൻ ആസ് പറഞ്ഞു: എനിക്ക് താങ്കളുടെ വീക്ഷണത്തെ സത്യമാക്കി കാണിക്കാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായേനെ. എന്നെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായം തെറ്റാകാതിരിക്കട്ടെ.

അദ്ദേഹത്തിന്റെ സൈന്യം ആറായിരമോ ഏഴായിരമോ ആയിരുന്നു. അവരുടെ ലക്ഷ്യസ്ഥാനം ഫലസ്തീനായിരുന്നു. ഹദ്റത് അംറ് ആയിരം യോദ്ധാക്കളുടെ സൈനീക സംഘത്തെ തയ്യാറാക്കി; ഹദ്റത് അബ്ദുല്ലാഹ് ഇബ്നു ഉമറിന്റെ നേതൃത്വത്തിൽ റോമിലേക്ക് അയച്ചു. ഈ സൈന്യം റോമക്കാരുമായി ഏറ്റുമുട്ടി. ശത്രുക്കളുടെ ശക്തിയെ തീർത്തും ക്ഷയിപ്പിച്ച് അവർക്ക് മേൽ വിജയം കരസ്ഥമാക്കി. ചില ബന്ദികളെയും കൊണ്ട് തിരിച്ച്വന്നു. ഹദ്റത് അംറ് ബിൻ ആസ് ആ ബന്ധികളോട് കാര്യങ്ങൾ അന്വേഷിച്ചതിൽനിന്ന് മനസ്സിലായത് റോമൻ സൈന്യം റുവൈസിന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾക്ക്മേൽ ഓർക്കാപ്പുറത്ത് ആക്രമണത്തിന് തയ്യാറായിരിക്കുന്നു എന്നാണ്. ഈ കാര്യങ്ങൾ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ റോമാക്കാർ ആക്രമണം നടത്തിയപ്പോൾ മുസ്‌ലിംകൾ അവരുടെ ആക്രമണത്തെ തടയുന്നതിൽ വിജയിക്കുകയും റോമൻ സൈന്യത്തെ പിന്തിരിഞ്ഞോടാൻ നിർബന്ധിതരാക്കുകയും ചെയ്തു. അതിന്ശേഷം അവർക്ക്മേൽ തിരിച്ചടി നൽകികൊണ്ട് ശത്രുക്കളുടെ ശക്തി ക്ഷയിപ്പിച്ച് അവരെ തിരിഞ്ഞോടാനും യുദ്ധമൈതാനം ഒഴിവാക്കാനും അവരെ നിർബന്ധിതരാക്കി. ഇസ്‌ലാമിക സൈന്യം അവരെ പിന്തുടർന്നു. ആയിരകണക്കിന് റോമൻ പടയാളികൾ കൊല്ലപ്പെട്ടു. അങ്ങനെ ഈ യുദ്ധം അവസാനിച്ചു.

റോമൻ ചക്രവർത്തി ഹിർഖൽ അന്ന് ഫലസ്തീനിലായിരുന്നു. മുസ്‌ലിംകളുടെ തയ്യാറെടുപ്പുകളെ കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ അയാൾ അവിടെയുള്ള നേതാക്കൻമാരെ ഒരുമിച്ച്കൂട്ടി. അവർക്ക് മുന്നിൽ ആവേശഭരിതമായി പ്രസംഗിച്ച്കൊണ്ട് അവരെ മുസ്‌ലിംകൾക്കെതിരിൽ യുദ്ധത്തിന് പ്രേരിപ്പിച്ചു. ഫലസ്തീനിലെ ജനങ്ങളെ മുസ്‌ലിംകൾക്കെതിരിൽ പ്രകോപിതരാക്കിയതിന്ശേഷം ഹിർഖൽ ഡമാസ്കസിലെത്തി. അവിടെനിന്ന് ഹംസിലും അന്തോക്കിയയിലുമെത്തി. ഫലസ്തീനെ പോലെ ഈ പ്രദേശങ്ങളിലും അയാൾ ആവേശഭരിതമായ പ്രഭാഷണങ്ങൾ നടത്തി അവിടെയുള്ള ജനങ്ങളെയും മുസ്‌ലിംകൾക്കെതിരേ യുദ്ധത്തിന് പ്രേരിപ്പിച്ചു. അന്തോക്കിയയെ തന്റെ കേന്ദ്രമാക്കി മുസ്‌ലിംകളെ നേരിടാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി.

അയാളുടെ പക്കൽ ധാരാളം സൈന്യം ഉണ്ടായിരുന്നത്കൊണ്ട് മുസ്‌ലിംകളുടെ ഓരോ സൈന്യത്തെയും നേരിടാൻ വെവ്വേറെ സൈന്യങ്ങളെ അയക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ മുസ്‌ലിംകളുടെ സൈന്യത്തിന്റെ ഓരോ ഭാഗത്തെയും ദുർബലമാക്കാം എന്നാണ് കരുതിയത്.

ഹദ്റത് അബുഉബൈദ ബിൻ ജറാഹ് ജാബിയ എന്ന സ്ഥലത്തിനടുത്ത് എത്തിയപ്പോൾ അദ്ദേഹത്തിനടുത്ത് ഒരാൾ സന്ദേശവുമായി വന്നിട്ട് പറഞ്ഞു: ഹിർഖൽ അന്തോക്കിയയിൽ ഉണ്ട്. അയാൾ നിങ്ങളെ നേരിടാൻ ഒരു വലിയ സൈന്യത്തെ തയ്യാറാക്കിയിരിക്കുന്നു. ഇതിന് മുൻപ് അത്തരം ഒരു സൈന്യത്തെ അയാളുടെ പൂർവ പിതാക്കന്മാർ ആരും തന്നെ നിങ്ങൾക്ക് മുൻപുള്ള ജനതകളെ നേരിടാൻ തയ്യാറാക്കിയി

ട്ടില്ല. ഹദ്റത് അബുഉബൈദ, ഹദ്റത് അബൂബക്കറിന് ഹിർഖലിന്റെ പദ്ധതികളെ സംബന്ധിച്ച് കത്തു മുഖേന അറിയിച്ചപ്പോൾ ഹദ്റത് അബൂബക്കർ മറുപടി ഇപ്രകാരം എഴുതി, അന്തോക്കിയയിൽ അയാൾ താമസിക്കുന്നത്കൊണ്ട് അയാൾക്കും അയാളുടെ കൂട്ടുകാർക്കും പരാജയവും അല്ലാഹുവിൽനിന്ന് നിങ്ങൾക്കും മുസ്‌ലിംകൾക്കും വിജയവുമാണ് ഉണ്ടാകുക. അതുപോലെ തന്നെ ഹദ്റത് അംറ് ബിൻ ആസിന്റെ കത്തും ഹദ്റത് അബൂബക്കറിന് ലഭിച്ചു. ഹദ്റത് അബൂബക്കർ അതിന് മറുപടി കൊടുത്തുകൊണ്ട് എഴുതി. നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചു. അതിൽ നിങ്ങൾ റോമാക്കാരുടെ സൈന്യം ഒരുമിച്ച് കൂടുന്നതിനെ കുറിച്ച് പരാമർശിച്ചിരുന്നു. ഓർക്കുക അല്ലാഹു തന്റെ നബി(സ) മുഖേന സൈന്യത്തിന്റെ ആധിക്യം കാരണമല്ല നമുക്ക് വിജയങ്ങൾ നൽകിയത്. നമ്മുടെ അവസ്ഥ എന്തായിരുന്നു.? എന്നാൽ നമ്മൾ നബി(സ)ന്റെ കൂടെ ജിഹാദ് ചെയ്തിരുന്നു. ഞങ്ങളുടെ പക്കൽ രണ്ടു കുതിരകളാണ് ഉണ്ടായിരുന്നത്. ഒട്ടകത്തിൻമേലും ഞങ്ങൾ ഊഴമിട്ടാണ് യാത്ര ചെയ്തിരുന്നത്. പക്ഷെ എന്നിട്ടും അല്ലാഹു നമുക്ക് ശത്രുക്കളുടെമേൽ വിജയം നൽകി. നമ്മെ സഹായിക്കുകയും ചെയ്തു.

ഹദ്റത് യസീദ് ഇബ്നു അബൂസുഫിയാനും ഹദ്റത് അബൂബക്കറിന് കത്തയച്ച്കൊണ്ട് അവിടെയുണ്ടായിരുന്ന അവസ്ഥകളെകുറിച്ച് എഴുതുകയും സഹായം അഭ്യർഥിക്കുകയും ചെയ്തിരുന്നു. അതിനുള്ള മറുപടിയിൽ ഹദ്റത് അബൂബക്കർ ഇങ്ങനെ എഴുതി. നിങ്ങൾക്ക് അവരുമായി ഏറ്റുമുട്ടേണ്ടി വരുമ്പോൾ തന്റെ കൂട്ടാളികളുമായി അവർക്കെതിരിൽ ഒന്നിച്ച് പൊരുതുക. അവരോട് യുദ്ധം ചെയ്യുക. അല്ലാഹു നിങ്ങളെ നിന്ദ്യരാകുന്നതല്ല. അല്ലാഹു നമുക്ക് അറിയിപ്പ് തന്നത് എന്തെന്നാൽ അല്ലാഹുവിന്റെ കല്പനയാൽ ചെറിയ സംഘങ്ങൾ വലിയ സംഘങ്ങൾക്ക്മേൽ ആധിപത്യം പുലർത്തുന്നതാണ്. ഇതൊക്കെയാണെങ്കിലും നിങ്ങളെ സഹായിക്കുന്നതിന്വേണ്ടി വീണ്ടും ഞാൻ യോദ്ധാക്കളെ അയക്കുന്നതാണ്. അവർ നിങ്ങളെ സംബന്ധിച്ചിടത്തോളം മതിയാകുന്നതാണ്. അതിലധികം വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതല്ല.

ഹദ്റത് അബുബക്കർ ഹാശിം ബിൻ ഉത്ബയെ വിളിപ്പിച്ചു ഇസ്‌ലാമിക സൈന്യത്തെ സഹായിക്കാൻ ശാമിലേക്ക് പോകാൻ നിർദേശിച്ചുകൊണ്ട് പറഞ്ഞു: മുസ്‌ലിംകൾ കത്തെഴുതി സഹായമഭ്യർഥിച്ചിരിക്കുന്നതിനാൽ സൈന്യത്തോടൊപ്പം അങ്ങോട്ട് പോകുക. ഞാൻ ആളുകളെ നിങ്ങളോടൊപ്പം പോകാൻ തയ്യാറാക്കുകയാണ്.

ഹദ്റത് സഈദ് ബിൻ ആമിർ ബിൻ ഹദീമിനെ, ഹദ്റത് അബുബക്കർ സിറിയയിലെ യുദ്ധത്തിന് വേണ്ടി അയക്കാൻ ആഗ്രഹിക്കുന്നു എന്ന് അറിയിപ്പ് കിട്ടുകയുണ്ടായി. ഹദ്റത് സഈദ് ഹദ്റത് അബൂബക്കർന്റെ സവിധത്തിൽ എത്തി അഭ്യർഥനകൾ നടത്തിക്കൊണ്ട് ജിഹാദിൽ പങ്കെടുക്കനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഹദ്റത് അബൂബക്കർ അദ്ദേഹത്തോട് യുദ്ധ തയ്യാറെടുപ്പുകൾ നടത്താൻ കല്പന നൽകിക്കൊണ്ട് പറഞ്ഞു: ഞാൻ സിറിയയിലുള്ള മുസ്‌ലിംകളുടെ അടുക്കലേക്ക് ഒരു സൈന്യത്തെ അയക്കുന്നു. അവർക്ക്മേൽ നിങ്ങളെയാണ് അമീറായി നിശ്ചയിക്കുന്നത്. തുടർന്ന് അദ്ദേഹം ഹദ്റത് ബിലാലിനോട് മുസ്‌ലിംകൾക്കിടയിൽ ഇക്കാര്യം വിളംബരം ചെയ്യാൻ കൽപിച്ചു.

ഹദ്റത് സഈദ് പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹദ്റത് ബിലാൽ ഹദ്റത് അബൂബക്കർ ന്റെ സവിധത്തിലെത്തി പറഞ്ഞു: എനിക്ക് എന്റെ റബ്ബിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാൻ അനുമതി നൽകിയാലും. എനിക്ക് ഒരു ഭാഗത്ത് ഇരിക്കുന്നതിനേക്കാൾ ഇഷ്ടം ജിഹാദ് ചെയ്യുന്നതാണ്. നിങ്ങളുടെ ആഗ്രഹം ജിഹാദ് ചെയ്യാനാണെങ്കിൽ ഞാൻ നിങ്ങളോട് ഇവിടെ താമസിക്കാൻ ഒരിക്കലും കൽപിക്കുന്നതല്ല. ഞാൻ ബാങ്കിന് വേണ്ടി മാത്രമാണ് നിങ്ങളുടെ സാനിധ്യം ആഗ്രഹിക്കുന്നത്. അല്ലയോ ബിലാൽ താങ്കൾ വിട്ടുപോകുന്നത് എനിക്ക് അസ്വസ്ഥത ഉണ്ടാക്കുന്നു. പക്ഷെ ഈ വേർപാടും അനിവാര്യമാണ്. അതിന് ശേഷം ഖിയാമത് വരെ മുലാഖാത് ഉണ്ടാകുന്നതല്ല. അല്ലയോ ബിലാൽ നിങ്ങൾ സത്കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുക. ഈ ലോകത്ത് നിങ്ങളുടെ പാഥേയം സത്കർമങ്ങൾ ആയിരിക്കട്ടെ. അക്കാരണത്താൽ നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം അള്ളാഹു നിങ്ങളുടെ സ്മരണ നിലനിർത്തും. മരണപ്പെടുകയാണെങ്കിൽ അതിന്റെ ഉന്നതമായ പ്രതിഫലം നൽകുന്നതുമാണ്. ഹദ്റത് ബിലാൽ പറഞ്ഞു: ഞാൻ തിരുനബി(സ) നുശേഷം ആർക്കുവേണ്ടിയും ബാങ്ക് കൊടുക്കാൻ ആഗ്രഹിക്കുന്നില്ല. തുടർന്ന് ഹദ്റത് സഈദ് ബിൻ ആമിറിന്റെ കൂടെ ഹദ്റത് ബിലാലും പുറപ്പെട്ടു.

അതിന് ശേഷം ഹദ്റത് അബൂബക്കർന്റെ അടുക്കൽ ആളുകൾ ഒരുമിച്ച് കൂടി. അദ്ദേഹം ഹദ്റത് മുആവിയയെ അവരുടെ നേതാവാക്കി. അദ്ദേഹത്തോട് അദ്ദേഹത്തിന്റെ സഹോദരൻ യസീദിനൊപ്പം ചേരാൻ കൽപിച്ചു. ഹദ്റത് മുആവിയ ഹദ്റത് യസീദിന്റെ അടുക്കലെത്തി.

ഹദ്റത് ഹംസ ബിൻ അബീബക്കർ ഹമദാനി ഒരു ആയിരത്തോളമോ അതിലധികമോ ഉള്ള സൈന്യവുമായി ഹദ്റത് അബൂബക്കർന്റെ സവിധത്തിൽ ഹാജരായി. ഹദ്റത് അബൂബക്കർ അവരുടെ എണ്ണവും തയ്യാറെടുപ്പും കണ്ടപ്പോൾ വളരെയധികം സന്തോഷിച്ച്കൊണ്ട് പറഞ്ഞു: നാം മൂന്നുപേരെ അമീർമാരായി നിയമിച്ചിട്ടുണ്ട്. അതിൽ ഇഷ്ടമുള്ളവരുടെ അടുത്തേക്ക്

താങ്കൾക്ക് പോകാം. ഹദ്റത് ഹംസ മുസ്‌ലിംകളുടെ അടുക്കൽ എത്തിയപ്പോൾ, ഈ അമീർമാരിൽ ആരാണ് ഏറ്റവും ശ്രേഷ്ഠനും തിരുനബിയുടെ സഹവാസത്തിൽ ഏറ്റവും ഉത്തമനുമായിട്ടുള്ള ആൾ എന്ന് അവരോട് ചോദിച്ചു. ഹദ്റത് അബുഉബൈദ ബിൻ ജറാഹ് ആണ് എന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. അദ്ദേഹം അവരോടൊപ്പം ചേരുകയും ചെയ്തു.

ഹദ്റത് അബൂഉബൈദയുടെ തുടരെത്തുടരെയുള്ള കത്തുകളെ തുടർന്ന് ഹദ്റത് അബൂബക്കർ ഹദ്റത് ഖാലിദ് ബിൻ വലീദിനെ ശാമിലേക്ക് അയക്കാൻ തീരുമാനിച്ചു. ഹദ്റത് ഖാലിദ് ആ സമയത്ത് ഇറാഖിലായിരുന്നു. ഹദ്റത് അബൂബക്കർ ഹദ്റത് ഖാലിദിനോട് സിറിയയിലേക്ക് പോകാനും അവിടെ ഇസ്‌ലാമിക സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുക്കാനും കൽപിച്ചു. തുടർന്ന് അബൂഉബൈദക്ക് ഇങ്ങനെ എഴുതി, ഞാൻ സിറിയയിൽ മുസ്‌ലിംകളുടെ യുദ്ധത്തിന്റെ നേതൃത്വം ഖാലിദിനെ ഏല്പിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ എതിർക്കരുത്. അദ്ദേഹം പറയുന്നത് കേൾക്കുകയും അദ്ദേഹത്തിന്റെ കല്പനകൾ പ്രവർത്തികമാക്കുകയും ചെയ്യുക.

ഹദ്റത് ഖാലിദ് ബിൻ വലീദ് മുസ്‌ലിംകളോടൊപ്പം ബസ്റയിൽ എത്തിയപ്പോൾ എല്ലാ മുസ്‌ലിം സൈന്യങ്ങളും ഒരുമിച്ച്കൂടി. എല്ലാവരും അദ്ദേഹത്തെ യുദ്ധത്തിന്റെ അമീറാക്കി. അവർ പട്ടണത്തെ വളഞ്ഞു. അവിടെയുള്ള ജനങ്ങൾ മുസ്‌ലിംകൾക്ക് ജിസിയ കൊടുക്കാമെന്നും മുസ്‌ലിംകളുടെ ജീവനും സമ്പത്തിനും സന്തതികൾക്കും അഭയം നൽകാം എന്നുമുള്ള കാര്യത്തിൽ സന്ധി ചെയ്തു.

അടുത്തത് അജ്നാദൈൻ യുദ്ധമാണ്. അജ്നാദീൻ എന്നും പറയപ്പെടുന്ന ഇതിനെ പറ്റി എഴുതുന്നു, ബുസ്റ കീഴടക്കിയശേഷം ഹദ്റത് അബൂഉബൈദയെയും ഹദ്റത് ശുറഹ്ബീലിനെയും ഹദ്റത് യസീദ് ബിൻ അബീസുഫിയാനെയും കൂട്ടി ഹദ്റത് ഖാലിദ് ഹദ്റത് അംറ് ബിൻ ആസിനെ സഹായിക്കാൻ വേണ്ടി ഫലസ്തീനിലേക്ക് പുറപ്പെട്ടു. ഹദ്റത് അംറ് ആ സമയത്ത് ഫലസ്തീന്റെ താഴ്ന്ന പ്രദേശങ്ങളിൽ ആണ് താമസിച്ചിരുന്നത്. അദ്ദേഹം മുസ്‌ലിം സൈന്യങ്ങളെ കണ്ടുമുട്ടാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ റോമൻ സൈന്യം അദ്ദേഹത്തെ പിന്തുടരുകയും യുദ്ധത്തിന് നിർബന്ധിക്കാൻ ശ്രമിക്കുകയുമായിരുന്നു. റോമക്കാർക്ക് മുസ്‌ലിംകളുടെ ആഗമനത്തെ കുറിച്ച് അറിഞ്ഞപ്പോൾ അവർ അജ്നാദൈനിലേക്ക് മാറിപ്പോയി. ഹദ്റത് അംറ് ബിൻ ആസ് ഇസ്‌ലാമിക സൈന്യങ്ങളെ കുറിച്ച് അറിഞ്ഞപ്പോൾ അവിടെ നിന്ന് പുറപ്പെടുകയും ഇസ്‌ലാമിക സൈന്യങ്ങളെ കണ്ടുമുട്ടുകയും ചെയ്തു. പിന്നെ എല്ലാവരും അജ്നാദൈനിൽ ഒരുമിച്ച് കൂടി റോമക്കാർക്ക് മുന്നിൽ അണിനിരന്നു. റോമൻ സൈന്യാ ധിപൻ മുസ്‌ലിംകൾക്ക് എന്തെങ്കിലും കൊടുത്ത്കൊണ്ട് തിരിച്ച് അയക്കാൻ ആഗ്രഹിച്ചു. ഹദ്റത് ഖാലിദ് ഈ നിർദേശത്തെ പുച്ഛിച്ച് തള്ളിക്കൊണ്ട് കടുത്ത ഭാഷ യിൽ മറുപടി പറഞ്ഞു. ഹദ്റത് ഖാലിദ് പുറത്തേക്ക് വന്നു സൈന്യത്തെ ക്രമീകരിച്ചു. ഹദ്റത് ഖാലിദ് ജന ങ്ങൾക്കിടയിലൂടെ ജിഹാദിന് പ്രേരിപ്പിച്ച് നടക്കുകയാ യിരുന്നു. ഒരു സ്ഥലത്തും അദ്ദേഹം നിൽ ക്കുന്നുണ്ടാ യിരുന്നില്ല. പറഞ്ഞു: ഞാൻ ആക്രമിക്കുമ്പോൾ നിങ്ങളും ആക്രമിക്കുക. തുടർന്ന് രണ്ടു സൈന്യങ്ങൾക്കുമിടയിൽ ഘോരയുദ്ധം നടന്നു.

മുസ്‌ലിംകളുടെ നേതാവിനെ വഞ്ചനയിലൂടെ കൊല്ലുന്നതിൽ പരാജയപ്പെട്ട റോമക്കാരുടെ നേതാവായ വർദാനെ ഹദ്റത് ളിറാറും മറ്റു സൈനികരും ചേർന്ന് കാലപുരിക്കയച്ചു. ഈ വാർത്ത അറിഞ്ഞപ്പോൾ റോമക്കാരുടെ ആവേശം തണുത്ത് പോയി. ഈ യുദ്ധത്തിൽ റോമാക്കാരുടെ എണ്ണം ഒരു ലക്ഷത്തോളം ഉണ്ടായിരുന്നു. മുസ്‌ലിംകളുടെ എണ്ണം മുപ്പത്തിനായി രമായിരുന്നു. മറ്റൊരു നിവേദനത്തിൽ മുപ്പത്തി അയ്യാ യിരം എന്നുമുണ്ട്. ഈ യുദ്ധത്തിൽ മൂവായിരം റോമ ക്കാർ കൊല്ലപ്പെട്ടു. അവരുടെ പരാജിത സൈന്യം പട്ട ത്തിലെ വിവിധ ഇടങ്ങളിൽ അഭയം തേടാൻ നിർബ ന്ധിതരായി. അജ്നാദൈൻ കീഴടക്കിയശേഷം ഹദ്റത് ഖാലിദ് ബിൻ വലീദ് ഹദ്റത് അബുബക്കറിന് ഒരു കത്ത് മുഖേന ആ സുവാർത്ത അറിയിക്കുകയും ചെയ്തു.

അജ്നാദൈൻ യുദ്ധം എപ്പോഴാണ് ഉണ്ടായത് എന്ന കാര്യത്തെ വിവരിച്ചശേഷം പറയുന്നു: ഇനി ഡമാസ്കസ് വിജയത്തെ കുറിച്ചുള്ള വിശദീകരണമാണ്. അത് ഇൻശാ അല്ലാഹ് പിന്നീടാകാം.

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 26.08.2022
Malayalam Translation: **Moulavi T. Jamshad** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**